# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.05.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ട വോട്ടെടുപ്പിൽ 57 ശതമാനത്തിലധികം പോളിങ് ; ഉയർന്ന വോട്ടിങ് നിരക്ക് പശ്ചിമബംഗാളിൽ.

   **Above 57 percent voter turnout recorded in the fifth phase of Lok Sabha polls. Highest percentage of polling reported in West Bengal.**

2) കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു ; പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്നും നാളെയും ചുവപ്പു ജാഗ്രത ; എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

   **IMD predicts very heavy rainfall in Kerala. Red alert issued for Pathanamthitta, Kottayam and Idukki districts. Orange alert in eight districts.**

3) കേരള തീരത്തു നിന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകും വരെ കടലിൽ പോകാൻ പാടില്ലെന്ന് മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദ്ദേശം.

   **Fishermen are warned against venturing into sea in Kerala coast.**

4) പെരുമ്പാവൂരിൽ നിയമ വിദ്യാർത്ഥിനിയെ കൊലപ്പെടുത്തിയ കേസിൽ പ്രതി അമീറുൽ ഇസ്ലാമിന്റെ വധശിക്ഷ ഹൈക്കോടതി ശരിവച്ചു.

   **Kerala High Court confirmed death penalty for the convict in Perumbavoor law student murder**

5) ഇറാൻ പ്രസിഡൻറ് ഇബ്രാഹിം റെയ്സിയുടെ വിയോഗത്തിൽ ഇന്ത്യയിൽ നാളെ ഔദ്യോഗിക ദുഖാചരണം .

**India has announced one day's state mourning tomorrow as a mark of respect on the death of Iran's President Dr Seyyed Ebrahim Raisi and Foreign Minister Hossein Amir-Abdollahian in a helicopter crash**

6) ഐപിഎൽ ക്രിക്കറ്റ് പ്ളേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം ; ഒന്നാം ക്വാളിഫയറിൽ സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും.

**IPL Play Off matchess will begin tomorrow. Sunrisers Hyderabad will take on Kolkota Knight Riders in first qualifier**

*******************************

**HEADLINE-1**

## FIFTH PHASE LOK SABHA POLLING

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ അഞ്ചാം ഘട്ട വോട്ടെടുപ്പ് 49 മണ്ഡലങ്ങളിൽ ഇന്ന് നടന്നു. ഇതു വരെയുള്ള കണക്ക് പ്രകാരം 57 ശതമാനത്തിലധികം പോളിങ്ങ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ പോളിങ്ങ് നടന്നത് പശ്ചിമബംഗാളിലും കുറഞ്ഞ പോളിങ്ങ് മഹാരാഷ്ട്രയി ലുമാണ്. പശ്ചിമ ബംഗാളിൽ 73 ശതമാനം, ഉത്തർപ്രദേശിൽ 57.56 , ഝാർഖണ്ഡിൽ 63, ലഡാക്കിൽ 67, ബിഹാറിൽ 52.55, ജമ്മു കശ്മീരിൽ 54, ഒഡീഷയിൽ 61, മഹാരാഷ്ട്രയിൽ 49 ശതമാനം എന്നിങ്ങനെയാണ് വോട്ടിംഗ് നിരക്ക്. വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. രാഷ്ട്രീയ പ്രാധാന്യമുള്ള മണ്ഡലങ്ങളും, ജനശ്രദ്ധ നേടിയ സ്ഥാനാർത്ഥികളുമാണ് അഞ്ചാംഘട്ടത്തിൽ മത്സര രംഗത്തുണ്ടായിരുന്നത്. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, സ്മൃതി ഇറാനി, പിയൂഷ് ഗോയൽ, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ പ്രമുഖ സ്ഥാനാർത്ഥികളിൽ ഉൾപ്പെടുന്നു. ഒഡീഷ നിയമസഭാ തിരഞ്ഞെടുപ്പിൻറെ രണ്ടാംഘട്ട വോട്ടെടുപ്പും ഇന്ന് നടന്നു. 61 ശതമാനം പോളിങ്ങാണ് ഇവിടെ രേഖപ്പെടുത്തിയത്.

*******************************

## POLL CAMPAIGNING

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവശേഷിക്കുന്ന രണ്ട് ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. പ്രമുഖ നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ഒഡീഷയിലും, പശ്ചിമബംഗാളിലുമാണ് പ്രചാരണം നടത്തിയത്. കട്ടക്കിലും, അംഗുലിലും അദ്ദേഹം തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. ഒഡീഷയിലെ പുരിയിൽ അദ്ദേഹം റോഡ് ഷോ നടത്തി. പശ്ചിമബംഗാളിൽ, ഛാർഗ്രാമിലും, തംലുക്കിലും ആയിരുന്നു പ്രധാനമന്ത്രിയുടെ ഇന്നത്തെ പ്രചാരണം. ഒഡീഷ മുഖ്യമന്ത്രിയും, മുതിർന്ന ബിജെഡി നേതാവുമായ നവീൻ പട്നായിക്ക് സംസ്ഥാനത്ത് ഇന്ന് മെഗാ റോഡ് ഷോ ഉൾപ്പെടെയുള്ള പരിപാടികളിൽ പങ്കെടുത്തു. കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് ഹരിയാനയിലാണ് പ്രചാരണം നടത്തിയത്. സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് ഇന്ന് ദൊരിയാഗഞ്ചിലും, സന്ത് കബിർ നഗറിലും ഐഎൻഡിഐഎ പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു.

*******************************************

**HEADLINE-2**

## KERALA RAIN

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു. അതിതീവ്ര മഴയ്ക്കുള്ള സാധ്യത മുൻനിർത്തി പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്നും നാളെയും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട ജില്ലയിൽ മറ്റന്നാളും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. അഞ്ച് ജില്ലകളിൽ നാളെയും, ആറ് ജില്ലകളിൽ മറ്റന്നാളും ഓറഞ്ച് ജാഗ്രത തുടരും. ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ കേരള തീരത്തു നിന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകും വരെ കടലിൽ പോകാൻ പാടില്ലെന്ന് മത്സ്യത്തൊഴിലാളികൾക്ക് കർശന നിർദ്ദേശം

നൽകിയിട്ടുണ്ട്. തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

******************************************

**HEADLINE-3**

## KSDMA … INTRO

സംസ്ഥാനത്ത് അതിതീവ്ര മഴ അപകടങ്ങൾ സൃഷ്ടിച്ചേക്കുമെന്നതിനാൽ പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി . **വിശദാംശങ്ങളിലേക്ക്……**

(വോയ്സ്)

കുറഞ്ഞ സമയം കൊണ്ട് പെയ്യുന്ന വലിയ മഴ മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും സൃഷ്ടിച്ചേക്കാമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. നഗരപ്രദേശങ്ങളിലും പൊതുവെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടാനും സാധ്യതയുണ്ട്. ശക്തമായ മഴ ലഭിച്ചു കൊണ്ടിരിക്കുന്ന മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണം. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ സാഹചര്യം വിലയിരുത്തി തയ്യാറാക്കപ്പെടുന്ന ക്യാമ്പുകളിലേക്ക് മാറണം. തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണമായി ഒഴിവാക്കണം. ജലാശയങ്ങൾക്ക് മുകളിലെ മേൽപ്പാലങ്ങളിൽ കയറി കാഴ്ച കാണുകയോ സെൽഫിയെടുക്കുകയോ കൂട്ടം കൂടി നിൽക്കുകയോ ചെയ്യാൻ പാടില്ല. കാറ്റിൽ മരങ്ങൾ കടപുഴകി വീണും പോസ്റ്റുകൾ തകർന്നു വീണും ഉണ്ടാകാനിടയുള്ള അപകടങ്ങളും ശ്രദ്ധിക്കണമെന്നും ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന താലൂക്ക്, ജില്ലാ കൺട്രോൾ റൂമുകൾ സജീകരിച്ചിട്ടുണ്ട്. അപകട സാധ്യത മുന്നിൽ കാണുന്ന ഘട്ടത്തിലും

സഹായങ്ങൾക്കുമായി 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാം. **ന്യൂസ് ഡസ്ക്, ആകാശവാണി.**

******************************

## RAIN- K.RAJAN, VEENA GEORGE

സംസ്ഥാനത്ത് പ്രളയ സാധ്യതാ പ്രവചനമില്ലെന്നും ആശങ്ക വേണ്ടന്നും മന്ത്രി കെ രാജൻ. മഴയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ എല്ലാ കളക്ട്രേറ്റുകളിലും താലൂക്ക് ഓഫീസുകളിലും എമർജൻസി ഓപ്പറേഷൻ സെൻറർ തുടങ്ങിയെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ആവശ്യമെങ്കിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കാൻ നിർദ്ദേശം നൽകിയതായും അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ, ചെളിയിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും ഇറങ്ങുന്നവർ എലിപ്പനി പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ നിർബന്ധമായും കഴിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു.

******************************

**HEADLINE-4**

## LAW STUDENT CASE - HC

പെരുമ്പാവൂരിൽ നിയമവിദ്യാർഥിനിയെ അതിക്രൂരമായി കൊലപ്പെടുത്തിയ കേസിൽ പ്രതി അമീറുൽ ഇസ്ലാമിൻറെ വധശിക്ഷ ഹൈക്കോടതി ശരിവച്ചു. വിചാരണ കോടതി വിധിക്ക് എതിരായ പ്രതിയുടെ അപ്പീൽ തള്ളിക്കൊണ്ടാണ് ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. സമൂഹത്തിന് വേണ്ടി നടപ്പാക്കുന്ന നീതിയാണിതെന്നും, നിർഭയ കേസിന് സമാനമായ കേസാണിതെന്നും വ്യക്തമാക്കി ക്കൊണ്ടായിരുന്നു വിധി പ്രസ്താവം. 2016 ഏപ്രിൽ 28 നായിരുന്നു കേസിന് ആസ്പദമായ സംഭവം. കൊലപാതകം, ബലാത്സംഗം, അതിക്രമിച്ച് കടക്കൽ, മാരകമായി മുറിവേൽപ്പിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളാണ് പ്രതി അമീറുൾ ഇസ്ലാമിനെതിരെ തെളിഞ്ഞത്.

******************************

## PM- NET PROFIT

രാജ്യത്തെ ബാങ്കിങ് മേഖലയുടെ ലാഭം ഈ സാമ്പത്തിക വർഷത്തിൽ മൂന്നുലക്ഷം കോടി കടന്ന് വലിയ നേട്ടം കൈവരിച്ചതിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. കഴിഞ്ഞ വർഷം 2.2 ലക്ഷം കോടി രൂപയായിരുന്നു ബാങ്കിങ്ങ് മേഖലയുടെ മൊത്തം ലാഭം. 39 ശതമാനം വളർച്ചയാണ് ഇക്കുറി രേഖപ്പെടുത്തിയത്. പൊതുമേഖലാ ബാങ്കുകൾ 34 ശതമാനം വളർച്ചയും, സ്വകാര്യ മേഖലാ ബാങ്കുകൾ 42 ശതമാനം വളർച്ചയുമാണ് മുൻവർഷത്തെ അപേക്ഷിച്ച് കൈവരിച്ചിരിക്കുന്നത്.

*****************************

**HEADLINE-5**

## IRAN-NEW PRESIDENT

ഹെലികോപ്റ്റർ അപകടത്തിൽ ഇറാൻ പ്രസിഡൻറ് ഇബ്രാഹിം റെയ്സി കൊല്ലപ്പെട്ടതിനെത്തുടർന്ന്, വൈസ് പ്രസിഡൻറ് മൊഹമ്മദ് മൊഖ്ബെർ ആക്ടിങ് പ്രെസിഡൻറായി നിയമിതനായി. ഇറാൻ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമേനി ആണ് പുതിയ പ്രസിഡൻറിനെ നിയമിച്ചത്. ഇറാനിൽ അഞ്ചു ദിവസത്തെ ദേശീയ ദുഃഖാചരണവും പ്രഖ്യാപിച്ചു. ഇന്ത്യയിലും നാളെ ഒരു ദിവസത്തെ ദേശീയ ദുഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്. ഇറാൻറെ വടക്കുപടിഞ്ഞാറൻ ഭാഗത്ത് ഇന്നലെ ഉച്ചകഴിഞ്ഞുണ്ടായ ഹെലികോപ്റ്റർ അപകടത്തിലാണ് പ്രസിഡൻറ് ഇബ്രാഹിം റെയ്സിയും വിദേശകാര്യമന്ത്രി ഹൊസെയ്ൻ അമീർ അബ്ദുല്ലാഹിയാനും ഒപ്പമുണ്ടായിരുന്ന ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടത്. പ്രതികൂല കാലാവസ്ഥയാണ് അപകട കാരണം എന്നാണ് വിലയിരുത്തൽ. അസർബൈജാൻ സന്ദർശനത്തിന് ശേഷം ഇറാനിലേക്ക് മടങ്ങുകയായിരുന്നു ഇബ്രാഹിം റെയ്സി. ഇറാൻ പ്രസിഡൻറിൻറെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, വിദേശകാര്യമന്ത്രി എസ്. ജയശങ്കർ തുടങ്ങിയ പ്രമുഖ നേതാക്കൾ ദുഖം രേഖപ്പെടുത്തി.

*****************************

## SC-PIL-NEW CRIMINAL LAWS

കേന്ദ്ര സർക്കാർ അടുത്തിടെ കൊണ്ടുവന്ന മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾക്കെതിരെ സമർപ്പിച്ച പൊതുതാൽപര്യ സുപ്രീം കോടതി പരിഗണിക്കാൻ വിസമ്മതിച്ചു. ഐപിസി, സിആർപിസി, തെളിവ് നിയമം എന്നിവയ്ക്ക് പകരമാണ് പുതിയ നിയമങ്ങൾ കേന്ദ്രം പാസ്സാക്കിയത്. ഹർജി സമർപ്പിച്ചിരിക്കുന്ന രീതിയെ ജസ്റ്റിസ് ബേല എം ത്രിവേദി ജസ്റ്റിസ് പങ്കജ് മിത്തൽ എന്നിവരടങ്ങിയ ബെഞ്ച് വിമർശിച്ചു. തുടർന്ന് ഹർജി പിൻവലിക്കുകയായിരുന്നു. ഭാരതീയ ന്യായ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത എന്നിവയിൽ നിരവധി അപാകതകളുണ്ടെന്നാണ് പൊതുതാൽപര്യ ഹർജിയിൽ ആരോപിച്ചിരുന്നത്.

*******************************

## ICMR – COVAXINE

കോവാക്സിൻറെ പാർശ്വഫലങ്ങളെക്കുറിച്ച് ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി നടത്തിയ പഠനവുമായി ബന്ധപ്പെട്ട ലേഖനം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്. ഈ പഠനവുമായി ICMR ന് ബന്ധമില്ലെന്നും ഗവേഷണത്തിന് സാമ്പത്തികമോ സാങ്കേതികമോ ആയ പിന്തുണ നൽകിയിട്ടില്ലെന്നും സ്ഥാപനം പ്രസ്താവനയിലൂടെ വ്യക്തമാക്കി. ഐസിഎംആർ അക്നോലെഡ്ജ്മെൻറ് ലേഖനത്തിൽ നിന്ന് ഉടൻ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ലേഖനം എഴുതിയവർക്കും ജേണലിന്റെ എഡിറ്റർക്കും സ്ഥാപന മേധാവി ഡോ രാജീവ് ബഹ്ൽ കത്തയച്ചു.

*******************************

## METROPOLITAN

ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പരമാധ്യക്ഷൻ മോറാൻ മോർ അത്തനാസിയസ് യോഹാൻ ഒന്നാമൻ മെത്രാപ്പോലീത്തക്ക് അന്തിമോപചാരം അർപ്പിച്ച് ആയിരങ്ങൾ. തിരുവല്ല നിരണം ബിലീവേഴ്സ് കൺവെൻഷൻ സെന്ററിലാണ് പൊതുദർശനം

നടക്കുന്നത്. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേരള സർക്കാരിനുവേണ്ടി മന്ത്രി സജി ചെറിയാൻ, ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള, തുടങ്ങി മത, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ ധാരാളം പേർ അന്തിമോപചാരം അർപ്പിക്കാനെത്തിയിരുന്നു. സംസകാരത്തിന് മുന്നോടിയായുള്ള ആറ് ഘട്ട ശുശ്രൂഷാ ചടങ്ങുകൾ ഇന്ന് പൂർത്തിയാകും.

*******************************

**HEADLINE-6**

## IPL

ഐപിഎൽ ക്രിക്കറ്റ് പ്ളേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. ഒന്നാം ക്വാളിഫയറിൽ സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. നാളെ രാത്രി 7.30 ന് അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് മത്സരം.

************************************************************************************
********************